28
2025
സെപ്റ്റംബർ
ഞായർ
കന്നി 12

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 248 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-248 പേജ് 4. വില 2.00 രൂപ

02 കൂട്ടആത്മഹത്യാ ശ്രമം; ഗുരുതരാവസ്ഥയിലായിരുന്ന വീട്ടമ്മയും മരിച്ചു

03 ജിജ്ഞാസയാണ് എല്ലാ മേഖലയിലും യുവതയെ പ്രസക്തരാക്കുന്നത്

04 ബാലരാമപുരത്ത് രണ്ട് വയസുകാരിയെ കിണറ്റിൽ എറിഞ്ഞ കേസ്; അമ്മ അറസ്റ്റിൽ

## പത്ത് മത്സ്യയിനങ്ങൾക്ക് ആഗോള സർട്ടിഫിക്കേഷൻ നടപടികൾ അന്തിമഘട്ടത്തിൽ

കൊച്ചി: രാജ്യത്തെ പത്ത് മത്സ്യ-ചെമ്മീൻ ഇനങ്ങൾക്കു ആഗോള സർട്ടിഫിക്കേഷൻ നടപടികൾ അന്തിമ ഘട്ടത്തിലേക്ക് നീങ്ങുന്നു. ആഴക്കടൽ ചെമ്മീൻ, തീരച്ചെമ്മീൻ, കണവ, കൂന്തൽ, കിളിമീൻ, ഞണ്ട്, നീരാളി ഉൾപ്പെടെയുള്ള ഇനങ്ങളുടെ ശാസ്ത്രീയ വിലയിരുത്തലുകൾ ഉടൻ പൂർത്തിയാക്കും. ആഗോള അംഗീകാരമുള്ള മറൈൻ സ്റ്റിവാർഡ്ഷിപ്പ് കൗൺസിൽ (എംഎസ്സി) സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികളാണ് അവസാന ഘട്ടത്തിലേക്കു നീങ്ങുന്നത്.

എംഎസ്സി സർട്ടിഫൈഡ് സമുദ്രോത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണികളിൽ 30 ശതമാനം വരെ കൂടുതൽ വില ലഭിക്കുന്നുണ്ടെന്നും ഇത് ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി സാധ്യത വർധിപ്പിക്കുമെന്നും എംഎസ്സി ഇന്ത്യ കൺസൾട്ടൻറ് ഡോ. രഞ്ജിത് ശുശീലൻ പറഞ്ഞു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനം (സിഫ്ട്) തുടങ്ങിയ ഗവേഷണസ്ഥാപനങ്ങളും സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷനുമടങ്ങുന്ന വിവിധ ഏജൻസികളുടെ പിന്തുണയോടെയാണു സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നത്.

# വിജയ്‌യുടെ റാലിയിൽ തിക്കിലും തിരക്കിലും പെട്ട് 38 മരണം



## മരിച്ചവരിൽ കുട്ടികളും

ചെന്നൈ : തമിഴ്നാട്ടിലെ കരൂരിൽ തമിഴക വെട്രി കഴകം (ടിവികെ) നേതാവും സിനിമാതാരവുമായ വിജയ് നയിച്ച റാലിയിൽ തിക്കിലും തിരക്കിലും പെട്ട് 38 പേർ മരിച്ചു. ഇതിൽ 6 കുട്ടികളും 16 സ്ത്രീകളും ഉൾപ്പെടുന്നു. കുഴഞ്ഞു വീണ കുട്ടികളടക്കം 67 പേർ ചികിത്സയിലുണ്ടെന്നും ഇതിൽ 12 പേരുടെ നില ഗുരുതരമാണെന്നും തമിഴ്നാട് ആരോഗ്യമന്ത്രി എം.സുബ്രഹ്മണ്യൻ അറിയിച്ചു. മരണസംഖ്യ ഉയരാൻ സാധ്യതയുണ്ട്. പരുക്കേറ്റവരിൽ 9 പൊലീസുകാരുമുണ്ട്. മൃതദേഹങ്ങൾ അമരാവതി മെഡിക്കൽ കോളജ് ആശുപത്രിയിലും കരൂർ സർക്കാർ ആശുപത്രിയിലുമാണ്. സ്ഥലം എംഎൽഎയും മുൻ മന്ത്രിയുമായ സെന്തിൽ ബാലാജി, തിരുച്ചിറപ്പള്ളി, ഡിണ്ടിഗൽ, നാമക്കൽ ജില്ലാ കലക്ടർമാർ തുടങ്ങിയവർ കരൂരിലേക്കു തിരിച്ചിട്ടുണ്ട്. സമീപ ജില്ലകളിൽ നിന്നുള്ള മെഡിക്കൽ സംഘവും സ്ഥലത്തെത്തി. തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ ഇന്നു പുലർച്ചെ കരൂരിൽ എത്തും. വിമാനമാർഗം സേലത്തെത്തി അവിടെനിന്നു കാർ മാർഗമാണ് കരൂരിലെത്തുക. സംഭവത്തിൽ തമിഴ്നാട് സർക്കാർ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് തമിഴ്നാട് സർക്കാർ 10 ലക്ഷം രൂപയും പരുക്കേറ്റു ചികിത്സിയിലുള്ളവർക്ക് ഒരു ലക്ഷം രൂപയും നൽകുമെന്നു മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ പറഞ്ഞു.

അപകടത്തിന് തൊട്ടു മുൻപ്, തിരക്കു നിയന്ത്രിക്കാനും ആളുകൾക്കു വെള്ളക്കുപ്പികൾ എത്തിക്കാനും പൊലീസിന്റെ സഹായം മൈക്കിലൂടെ വിജയ് ആവശ്യപ്പെട്ടിരുന്നു. സഹായം ലഭിച്ചില്ലെന്ന് പിന്നീട് വിജയ് തന്നെ പരാതിപ്പെടുകയും ചെയ്തു. വെള്ളക്കുപ്പികൾ ആവശ്യത്തിന് സംഘാടകർ എത്തിച്ചിരുന്നുവെങ്കിലും തിരക്കുകാരണം വിതരണം ചെയ്യാനായില്ല. നിർജലീകരണം സംഭവിച്ച് ഏതാനും പേർ കുഴഞ്ഞുവീണതോടെയാണ് വിജയ് പൊലീസിന്റെ സഹായം മൈക്കിലൂടെ ആവശ്യപ്പെട്ടത്. പക്ഷേ, പൊലീസിന് എത്തിപ്പെടാൻ കഴിയാത്തത്ര തിരക്കായിരുന്നു. വിജയ് ആരാധകരായ ചെറുപ്പക്കാരും കുട്ടികളുമാണ് റാലിയിൽ പങ്കെടുക്കാൻ കൂടുതലും എത്തിയത്. 15 വയസസ്സിൽ താഴെയുള്ള കുട്ടികൾ മാത്രം ആയിരത്തോളം പേർ ഉണ്ടായിരുന്നതായാണ് വിവരം.

# എംഎസ്സി എൽസ–3 അപകടം കപ്പൽ കമ്പനി 1200 കോടി രൂപ കെട്ടിവയ്ക്കാൻ ഹൈക്കോടതിയുടെ ഉത്തരവ്



കൊച്ചി: അറബിക്കടലിൽ എംഎസ്സി എൽസ-3 കപ്പൽ മുങ്ങിയ സംഭവത്തിൽ കപ്പൽ കമ്പനിയായ എം. എസ്. സി 1200 കോടി രൂപ ഹൈക്കോടതിയിൽ കെട്ടിവയ്ക്കണമെന്ന് ഇടക്കാല ഉത്തരവ്. ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റേതാണ് ഉത്തരവ്. പണം കെട്ടിവെച്ചതിന് ശേഷം മാത്രമേ, സംഭവവുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്ത കപ്പൽ വിട്ടയക്കൂ. ദുരന്തത്തിൽപ്പെട്ട കപ്പലിൽ ഉണ്ടായിരുന്ന 399 കണ്ടെയ്നറുകൾ നഷ്ടപ്പെട്ടിരുന്നു. ഈ കണ്ടെയ്നറുകളുടെ ഉടമസ്ഥരായ വിവിധ കമ്പനികൾ നൽകിയ ഹർജികൾ പരിഗണിച്ച്, നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ടാണ് കോടതിയുടെ ഈ നിർണായക ഉത്തരവ്.

എം. എസ്. സി എൽസ -3 കപ്പൽ അപകടവുമായി ബന്ധപ്പെട്ട് കപ്പൽ കമ്പനിക്കെതിരെ സർക്കാർ ഫയൽ ചെയ്ത ഹർജിയിൽ 9531 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടു. അപകടത്തെ തുടർന്നുണ്ടായ പരിസ്ഥിതി മലിനീകരണം, എണ്ണച്ചോർച്ച, മത്സ്യത്തൊഴിലാളികൾക്കുണ്ടായ ഉപജീവന മാർഗങ്ങളുടെ നഷ്ടം, കണ്ടെയ്നറുകളിലെ മാലിന്യം നീക്കം ചെയ്യാനുള്ള ചെലവ് എന്നിവ ചൂണ്ടിക്കാട്ടിയാണ് സർക്കാർ ഇത്രയും വലിയ തുക ആവശ്യപ്പെട്ടത്. കൊച്ചി തീരത്തുനിന്ന് 38 നോട്ടിക്കൽ മൈൽ അകലെ വെച്ച് മേയ് 24-നാണ് കപ്പൽ ചരിഞ്ഞത്. തമിഴ്നാട്ടിലെ തൂത്തുക്കുടി, വിഴിഞ്ഞം, കൊച്ചി, മംഗളൂരു എന്നീ തുറമുഖങ്ങൾക്കിടയിൽ സർവീസ് നടത്തിയിരുന്ന എംഎസ്സി എൽസ-3-ൽ 643 കണ്ടെയ്നറുകളാണ് ഉണ്ടായിരുന്നത്.






# നാരിചക്ര പ്രോഗ്രാമുമായി അസാപ്

സംസ്ഥാന സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) കേരള മഹീന്ദ്ര & മഹീന്ദ്രയും ഇറാം ടെക്നോളജീസുമായി സഹകരിച്ച്, 'നാരിചക്ര' പ്രോഗ്രാമിന് തുടക്കം കുറിച്ചു. സ്ത്രീകളുടെ പങ്കാളിത്തം പൊതുവിൽ കുറവുള്ള വാഹന വിപണന മേഖലയിൽ സ്ത്രീകൾക്ക് പരിശീലനം നൽകിയ ശേഷം മഹീന്ദ്ര & മഹീന്ദ്ര യുടെ വാഹന വിപണന ഔട്ട്ലെറ്റുകളിൽ കസ്റ്റമർ സർവീസ് അഡ്വൈസറായും കസ്റ്റമർ റിലേഷൻഷിപ്പ് എക്സിക്യൂട്ടീവായുമാണ് നിയമനം നൽകുക. കേരളത്തിൽ ഉടനീളം വിവിധ ഡീലർ ഔട്ട്ലെറ്റുകളിൽ ആയിനൂറോളം അവസരങ്ങൾ ഉണ്ട്.

ഓട്ടോമൊബൈൽ മേഖലയിൽ വർദ്ധിച്ചുവരുന്ന വൈദഗ്ധ്യമുള്ള തൊഴിൽ അവസരങ്ങൾ മുന്നിൽ കണ്ട് ഈ രംഗത്തേക്ക് സ്ത്രീകൾക്കും തുല്യ അവസരം നൽകി അതുവഴി സ്ഥിര വരുമാനവും സുരക്ഷിതമായ തൊഴിലിടവും ഉറപ്പാക്കുകയാണ് ലക്ഷ്യം. 18 നും 35 നും ഇടയിൽ പ്രായമുള്ള ബിരുദധാരികളായ സ്ത്രീകൾക്ക് കസ്റ്റമർ റിലേഷൻഷിപ്പ് എക്സിക്യൂട്ടീവായും അതേ പ്രായപരിധിയിൽ തന്നെയുള്ള മെക്കാനിക്കൽ/ ഇലക്ട്രിക്കൽ/ ഓട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമയുള്ളവർക്ക് സർവീസ് അഡ്വൈസറായും ജോലി നേടാം. മഹീന്ദ്ര & മഹീന്ദ്ര യുടെ ഡീലർ ഔട്ട്ലെറ്റുകളിൽ ഓൺ-ദി-ജോബ് ട്രെയിനിംഗ് നൽകും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 15,000 രൂപ മുതൽ ശമ്പളവും, ഇൻസെന്റീവുകളും, മറ്റ് ആനുകൂല്യങ്ങളും ലഭിക്കും. അസാപ് കുന്നംകുളം സ്കിൽ പാർക്കിൽ വച്ചാണ് 2 മാസത്തെ പരിശീലനം. 6000 രൂപയാണ് ഫീസ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും: https://asapkerala.gov.in/nareechakra/, 9495999788, 9495999790.

# ഡോ. മാലതി ദാമോദരന്റെ നിര്യാണത്തിൽ മുഖ്യമന്ത്രിയുടെ അനുശോചനം

മഹാനായ അച്ഛന്റെ ജീവിതാദർശങ്ങളെ മുറുകെ പിടിച്ച് ജീവിച്ച മകളായിരുന്നു ഡോ. മാലതി ദാമോദരൻ. പെൺകുട്ടികൾ അച്ഛന്റെയോ ഭർത്താവിന്റെയോ മേൽവിലാസത്തിൽ അല്ല അറിയപ്പെടേണ്ടതെന്ന ഇ എം എസിന്റെ കാഴ്ചപ്പാട് ജീവിതത്തിൽ അവർ പകർത്തി. ശിശുരോഗ വിദഗ്ദ്ധ എന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ച ജനകീയ പൊതുജനാരോഗ്യ പ്രവർത്തക കൂടിയായിരുന്നു ഡോ. മാലതി. ലാളിത്യമായിരുന്നു അവരുടെ മുഖമുദ്ര. സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളിൽ കൃത്യമായ അഭിപ്രായം ഡോ. മാലതിക്ക് ഉണ്ടായിരുന്നു. സ്വന്തമായതെല്ലാം സമൂഹത്തിനും പ്രസ്ഥാനത്തിനും കരുതിവെച്ച ഡോ. മാലതിക്ക് ശാസ്ത്രീയമായ സാമൂഹ്യ വീക്ഷണവും ഉണ്ടായിരുന്നു.കേരളം മലയാളികളുടെ മാതൃഭൂമി എന്ന ഇ എം എസ് എഴുതിയ പുസ്തകമായിരുന്നു മാലതിക്ക് അച്ഛൻ നൽകിയ വിവാഹ സമ്മാനം. കാളിദാസന്റെ ശാകുന്തളം ഉദ്ധരിച്ച് ഇ എം എസ് അതിന്റെ പുറംച്ചട്ടയിൽ എഴുതിയ വാക്യങ്ങൾ ഒരു അച്ഛനും മകളും തമ്മിലുള്ള സവിശേഷമായ ഹൃദയബന്ധം വരച്ച് കാട്ടുന്നതായിരുന്നു. ചിക്കൻ പോക്സ് ബാധിതനായ തന്റെ പിതാവിനെ പോലീസ് അറസ്റ്റ് ചെയ്യുന്ന ഘട്ടത്തിൽ തൊട്ടുതലേ ദിവസം പ്രസവിച്ച് കിടക്കുന്ന അമ്മ ആര്യാ അന്തർജനത്തെ എട്ടാം വയസ്സിൽ പരിചരിച്ചതിനെപ്പറ്റി ഡോ. മാലതി പിന്നീട് പറഞ്ഞിരുന്നു.

ഇഎംഎസിന്റെ മകൾ എന്ന നിലയിൽ പ്രത്യേക അടുപ്പം അവരുമായി ഉണ്ടായിരുന്നുവെന്നും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നതായും മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

# സാഹസിക ടൂറിസം പരിശീലനത്തിന് അപേക്ഷിക്കാം

സംസ്ഥാന ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും സംയുക്തമായി തിരുവനന്തപുരത്തു നടത്തുന്ന സാഹസിക ടൂറിസം പരിശീലന പരിപാടിയായ അഡ്വെഞ്ചർ ആക്ടിവിറ്റി അസിസ്റ്റന്റ് കോഴ്സിലേക്ക് (7 ദിവസം) അപേക്ഷ ക്ഷണിച്ചു. എട്ടാം ക്ലാസ് പാസായ 2025 ഒക്ടോബർ 1 ന് 18 വയസ് തികഞ്ഞവരും 45 വയസ് കഴിഞ്ഞിട്ടില്ലാത്തവരുമായ നല്ല ശാരീരിക ക്ഷമതയുള്ളവർക്ക്

അപേക്ഷിക്കാം. ഒക്ടോബർ 22 നു തുടങ്ങുന്ന ബാച്ചിൽ ചേരുന്നതിനായി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഒക്ടോബർ 17 നകം ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്, റെസിഡൻസി, തൈക്കാട്, തിരുവനന്തപുരം 695014 വിലാസത്തിൽ ലഭ്യമാക്കണം. ഇമെയിൽ: kittstraining@gmail.com, ഫോൺ: 8129816664.

# മെറിറ്റ് സ്കോളർഷിപ്പ്

2022-23 സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പിന് (ഫ്രഷ്) അർഹരായ വിദ്യാർഥികളിൽ നിന്നും രണ്ടാം വർഷത്തെയും മൂന്നാം വർഷത്തെയും സ്കോളർഷിപ്പ് റിന്യൂവലിനു അപേക്ഷ ക്ഷണിച്ചിരുന്നു. ലഭ്യമായ അപേക്ഷകളിൽ നിന്നും വെരിഫിക്കേഷന് ശേഷം രണ്ടാം വർഷത്തെ സ്കോളർഷിപ്പിന് 284 വിദ്യാർഥികളും മൂന്നാം വർഷത്തെ സ്കോളർഷിപ്പിന് 279 പേരും അർഹത നേടിയിട്ടുണ്ട്. അർഹത നേടിയ വിദ്യാർഥികളുടെ ലിസ്റ്റ് www.collegiateedu.kerala.gov.in, www.dcescholarship.kerala.gov.in വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: 9446780308.

# ബി.എസ്സി. നഴ്സിംഗ് & അലൈഡ് ഹെൽത്ത് സയൻസ് : സ്പെഷ്യൽ അലോട്ട്മെന്റ് 7 ന്

2025-26 അദ്ധ്യയന വർഷത്തെ ബി.എസ്സി. നഴ്സിംഗ്, അലൈഡ് ഹെൽത്ത് സയൻസ് ഡിഗ്രി കോഴ്സുകൾക്ക് പുതിയതായി പ്രവേശനത്തിന് ഉൾപ്പെടുത്തിയ കോളേജുകളിലേക്കും ഗവൺമെന്റ് പാലക്കാട് നഴ്സിംഗ് കോളേജിൽ എസ്.സി വിഭാഗക്കാർക്ക് മാത്രം പുതുതായി അനുവദിച്ച സീറ്റുകളിലേക്കും പ്രവേശനത്തിനുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് ഒക്ടോബർ 7 ന് നടത്തും. www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ ഒക്ടോബർ 5 നകം ഓൺലൈനായി പുതിയ കോഴ്സ്/കോളേജ് ഓപ്ഷനുകൾ സമർപ്പിക്കണം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കില്ല. മുൻ അലോട്ട്മെന്റുകൾ വഴി ഏതെങ്കിലും കോളേജുകളിൽ പ്രവേശനം നേടിയവർ ഈ അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിന് നിരാക്ഷേപപത്രം സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, 364, www.lbscentre.kerala.gov.in.

# വാക്ക് ഇൻ ഇന്റർവ്യൂ തീയതിയിൽ മാറ്റം

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാർ അടിസ്ഥാനത്തിൽ ടെലിഫോൺ ഓപ്പറേറ്റർ കം റിസപ്ഷനിസ്റ്റ് നിയമനത്തിനായി 30ന് നടത്താൻ നിശ്ചയിച്ചിരുന്ന വാക്ക് ഇൻ ഇന്റർവ്യൂ ഒക്ടോബർ 9 ലേക്ക് മാറ്റി.

# ധനസഹായ വിതരണം

പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന സാധാരണ ഈറ്റ, പനമ്പ്, താഴപ്പായ, ചൂരൽ തൊഴിലാളികൾക്ക് സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരമുള്ള ധനസഹായ വിതരണം ആരംഭിച്ചു.

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024-25 സാമ്പത്തിക വർഷം ലഭിച്ച 45,371 അപേക്ഷകൾ വിശദമായി പരിശോധിച്ചതിന്റെ പശ്ചാത്തലത്തിലാണ് ധനസഹായ വിതരണം.

തൊഴിൽ മേഖലയിൽ വർഷത്തിൽ 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം വേതനം ലഭിക്കത്തക്ക വിധത്തിൽ യഥാർഥത്തിൽ ലഭിക്കുന്ന വരുമാനവുമായുള്ള അന്തരം കണക്കാക്കി കുറഞ്ഞത് 1,250 രൂപ ഒരു തൊഴിലാളിക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന സാമ്പത്തിക താങ്ങൽ പദ്ധതി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ദാരിദ്ര്യ ലഘൂകരണത്തിനും അതിലുപരി ഗ്രാമീണ മേഖലയിലെ സാമ്പത്തിക ഉന്നമനത്തിനും ലക്ഷ്യം വച്ചിട്ടുള്ളതാണ്.

# വാല്യുവേഷൻ പാനൽ: അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിൽ നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളിൽ ജാമ്യമായി സ്വീകരിക്കുന്ന വസ്തുവിന്റെ വില നിർണയം നടത്തുന്നതിലേക്കായി റവന്യൂ സർവീസിൽ നിന്നും വിരമിച്ച വില്ലേജ് ഓഫീസർ, ഡെപ്യൂട്ടി തഹസിൽദാർ, തഹസിൽദാർ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.

അപേക്ഷകർ ബയോഡാറ്റ, ആധാർ കാർഡ്, സർവീസ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷന്റെ തിരുവനന്തപുരം ജില്ലാ കാര്യാലയവുമായി ബന്ധപ്പെടണം. കൂടുതൽ വിവരങ്ങൾക്ക്: 9037127372.

# ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി, ഓക്സിലറി നഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സുകളിലേക്ക് രണ്ടാം ഘട്ട അലോട്ട്മെന്റ്

2025-26 വർഷത്തെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും കേരള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സിനും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കിഴിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് സ്ഥാപനങ്ങളിലെ ഓക്സിലറി നഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സിനും പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് www.lbscentre.kerala.gov.in പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ടെടുത്ത ഫീ പെയ്മെന്റ് സ്ലിപ്പ് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ ഹാജരാക്കി ഒക്ടോബർ 4 നകം ഫീസ് അടയ്ക്കണം. ഓൺലൈനായും ഫീസ് അടയ്ക്കാം. ഫീസ് അടച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിന്റ് എടുത്ത അലോട്ട്മെന്റ് മെമ്മോ സഹിതം അതത് സ്ഥാപനങ്ങളിൽ ഒക്ടോബർ 6,7,8 തീയതികളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടണം. കൂടുതൽ വിവരങ്ങൾക്ക് 0471 2560361, 362, 363, 364.

# അന്തിക്കാട്ട് യുവാവിനെ ആക്രമിച്ച് സംഭവം; മൂന്ന് പേർ അറസ്റ്റിൽ

തൃശൂർ: അന്തിക്കാട്ട് യുവാവിനെ ആക്രമിച്ച് ഒളിവിൽ പോയ സംഭവത്തിൽ മൂന്ന് പേർ അറസ്റ്റിൽ. മണലൂർ പാണ്ടാരൻ വീട്ടിൽ പവൻദാസ് (24), മണലൂർ പാലാഴി വിളക്കേത്ത് വീട്ടിൽ വിഷ്ണുദേവ് (27), മണലൂർ പാലാഴി തണ്ടയിൽ വീട്ടിൽ രാഹുൽ (24 ) എന്നിവരാണ് അറസ്റ്റിലായത്.

കൊടൈക്കനാലിൽ നിന്നാണ് മൂന്ന് പേരെയും അറസ്റ്റ് ചെയ്തത്. തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ബി. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. മുൻ വൈരാഗ്യത്തിന്റെ പേരിൽ കണ്ടശ്ശാംകടവ് മാമ്പുള്ളി ദേശത്ത് പാറക്കവീട്ടിൽ ആഷിക് വർഗീസ് (29 ) എന്നയാളെയാണ് പ്രതികൾ ആക്രമിച്ചത്.

ഈ മാസം മൂന്നിന് രാത്രിയാണ് പാലാഴിയിലെ വായാനശാലക്ക് സമീപം വച്ച് തടഞ്ഞ് നിർത്തി ഇവർ ആക്രമിച്ചത്. പരാതി പ്രകാരം അന്തിക്കാട് പോലീസാണ് കേസെടുത്തത്.

പ്രതികൾ കൊടൈക്കനാലിലേക്ക് കടന്നതായ വിവരം ലഭിച്ചതോടെ അന്വേഷണ സംഘം അവിടേക്ക് പോയാണ് മൂന്നുപേരെയും പിടികൂടിയത്. ഇതിൽ പവൻദാസ് അന്തിക്കാട്, വാടാനപ്പള്ളി പോലീസ് സ്റ്റേഷനുകളിലായി മൂന്ന് വധശ്രമ കേസുകളിലടക്കം നാല് ക്രിമിനൽ കേസുകളിലെ പ്രതിയും കാപ്പ നിയമ പ്രകാരം ആറ് മാസത്തേക്ക് നാടു കടത്തൽ ശിക്ഷ അനുഭവിച്ചയാളുമാണ്.

വിഷ്ണുദേവ് അന്തിക്കാട്, പാവറട്ടി പൊലീസ് സ്റ്റേഷനുകളിൽ മനുഷ്യജീവന് അപകടമുണ്ടാക്കുന്ന രീതിയിൽ വാഹനമോടിച്ച കടക്കം രണ്ട് ക്രിമിനൽ കേസുകളിലെ പ്രതിയാണ്. രാഹുൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷനിൽ ഒരു വധശ്രമ കേസ് അടക്കം രണ്ട് ക്രിമിനൽ കേസിലെ പ്രതിയാണ്.

# ഡിഎൽഎഡ് സപ്ലിമെന്ററി പരീക്ഷ 8 ന്

സെപ്തംബർ 30 ന് പൊതുഅവധി പ്രഖ്യാപിച്ച സാഹചര്യത്തിൽ അന്നേ ദിവസം നടത്തുവാൻ നിശ്ചയിച്ചിരുന്ന ഡി.എൽ.എഡ് (ജനറൽ) മൂന്ന്, നാല് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകൾ ഒക്ടോബർ 8 ലേക്ക് മാറ്റി. സമയക്രമത്തിൽ മാറ്റമില്ല.

# പി.ജി. ആയുർവേദം: ഒന്നാംഘട്ട അലോട്ട്മെന്റ്

കേരളത്തിലെ സർക്കാർ/ എയ്ഡഡ് ആയുർവേദ കോളേജുകളിലെക്കും സ്വാശ്രയ ആയുർവേദ കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കുമുള്ള 2025-26 അധ്യയന വർഷത്തെ ആയുർവേദ കോഴ്സുകളിലെ സീറ്റുകളിലെ പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ 'Data sheet' എന്ന മെനു ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് പ്രിന്റ് ചെയ്തെടുക്കാം. പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ, പ്രോസ്പെക്ടസ് ക്ലോസ് 8.2 പ്രകാരമുള്ള രേഖകൾ എന്നിവ സഹിതം ഒക്ടോബർ 1 വൈകിട്ട് 3 നകം അലോട്ട്മെന്റ് ലഭിച്ച കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാകണം.

വിശദ വിവരങ്ങൾക്ക് : www.cee.kerala.gov.in, 04712332120, 04712338487.

# ആർടിഎ യോഗം 8 ന്

റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി (ആർ.ടി.എ) തിരുവനന്തപുരത്തിന്റെ അടുത്ത യോഗം ഒക്ടോബർ 8 രാവിലെ 10.30 ന് തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും.

# ക്വട്ടേഷൻ ക്ഷണിച്ചു

കോട്ടയം ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ ഓഫീസ് ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ കാർ (ഡ്രൈവർ ഉൾപ്പെടെ) ലഭ്യമാക്കുന്നതിന് മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. സീൽ ചെയ്ത ക്വട്ടേഷനുകൾ കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ കാര്യാലയത്തിൽ ഒക്ടോബർ 13 വൈകിട്ട് 5നകം ലഭ്യമാക്കണം. മേൽവിലാസം: ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ കാര്യാലയം, സിവിൽ സ്റ്റേഷൻ, കളക്ടറേറ്റ് പി.ഒ, കോട്ടയം. ഫോൺ: 9497323327.

# ഇ.എം.എസ് മെമ്മോറിയൽ പ്രസംഗമത്സരവുമായി യുവജന കമ്മീഷൻ

ദേശീയ യുവജന ദിനാഘോഷത്തോടനുബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങൾക്കായി പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു. ഒക്ടോബർ 8 ന് കോഴിക്കോട്, ഐ.എച്ച്.ആർ.ഡി കോളേജിൽ വെച്ചാണ് പ്രസംഗ മത്സരം സംഘടിപ്പിക്കുന്നത്. വിജയികൾക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് യഥാക്രമം 20,000, 15,000, 10,000 രൂപ ക്യാഷ് പ്രൈസും ഇ.എം.എസ് സ്മാരക ട്രോഫിയും യുവജനദിനാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യും. 5 മിനിറ്റാണ് സമയം ലഭിക്കുക. വിഷയം 5 മിനിറ്റ് മുമ്പ് നൽകും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾ ഫോട്ടോ ഉൾപ്പെടെ വിശദമായ ബയോഡേറ്റ youthday2020@gmail.com മെയിൽ ഐ.ഡിയിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം. ജി, തിരുവനന്തപുരം -33), നേരിട്ടോ നൽകാം. ഒക്ടോബർ 6 നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 8086987262,

# കൂട്ടആത്മഹത്യാ ശ്രമം; ഗുരുതരാവസ്ഥയിൽ ചികിത്സയിലായിരുന്ന വീട്ടമ്മയും മരിച്ചു

തൃശൂർ: കൂട്ടആത്മഹത്യാ ശ്രമത്തിനെ തുടർന്ന് ഗുരുതരാവസ്ഥയിൽ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികത്സയിലായിരുന്ന വീട്ടമ്മയും മരിച്ചു.

ചേലക്കര മേപ്പാടം കോൽപ്പുറത്ത് വീട്ടിൽ പ്രദീപിന്റെ ഭാര്യ ഷൈലജയാണ് (34) രാവിലെ മരിച്ചത്. ഷൈലജയോടൊപ്പം വിഷം അകത്ത് ചെന്ന നിലയിൽ കണ്ട മകൾ അണിമ (ആറ്) മരിച്ചിരുന്നു. ഒപ്പമുണ്ടായിരുന്ന മകൻ അക്ഷയ്(നാല്) അപകടനില തരണം ചെയ്തു.

ഷൈലജയുടെ ഭർത്താവ് പ്രദീപ് വൃക്ക രോഗത്തെ തുടർന്ന് രണ്ടാഴ്ചയ്ക്ക് മുൻപ് മരണമടഞ്ഞിരുന്നു ഇതിന്റെ മനോ വിഷമത്തിലായിരുന്നു കുടുംബം.

കഴിഞ്ഞ ചൊവ്വാഴ്ചയാണ് സംഭവം. പ്രദീപിന്റെ മരണാനന്തര ചടങ്ങുകൾ കഴിഞ്ഞ് ചാക്കപ്പൻ പടിയിലെ പ്രദീപിന്റെ വീട്ടിൽ നിന്നും ഷൈലജയും മക്കളും തിങ്കളാഴ്ച യാണ് മേപ്പാടത്തെ വീട്ടിലെത്തിയത്.

വൈകീട്ടോടെ ബന്ധുക്കൾ വിവരങ്ങൾ തിരക്കുകയും ചെയ്തിരുന്നു. ചൊവ്വാഴ്ച ആരെയും പുറത്ത് കാണാത്തതിനെ തുടർന്ന് നാട്ടുകാർ വീട് തുറന്ന് പരിശോധിച്ചപ്പോഴാണ് സംഭവം പുറത്തറിഞ്ഞത്.

അവശനിലയിൽ കണ്ട ഇവരെ ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും അണിമ മരിച്ചു.

എലിവിഷം കലർന്ന ഭക്ഷണം ഉള്ളിൽ ചെന്നതാണ് മരണകാരണമായി പറയുന്നത്.

# ആറ്റിങ്ങലിൽ യുവാവിന്റെ കണ്ണിൽ മുളകുപൊടി എറിഞ്ഞ് പണം കവർന്നു; നാലുപേർ അറസ്റ്റിൽ

തിരുവനന്തപുരം: ആറ്റിങ്ങലിൽ സ്വർണ പണയം എടുക്കാനെന്ന വ്യാജേന വിളിച്ചുവരുത്തി യുവാവിന്റെ കണ്ണിൽ മുളകുപൊടി എറിഞ്ഞ് രണ്ടര ലക്ഷം രൂപ കവർന്നു.

സംഭവത്തിൽ നാല് പേരെ ആറ്റിങ്ങൽ പോലീസ് അറസ്റ്റ് ചെയ്തു. നഗരൂർ സ്വദേശിയായ ഒരു സ്വർണക്കടയുടമയാണ് ആക്രമണത്തിന് ഇരയായത്. സ്വർണ പണയം വയ്ക്കുന്നതുമായി ബന്ധപ്പെട്ട് സംസാരിക്കാനെന്ന പേരിൽ യുവാവിനെ പ്രതികൾ ഒരു സ്ഥലത്തേക്ക് വിളിച്ചുവരുത്തി.

തുടർന്ന് യുവാവിന്റെ കണ്ണിലേക്ക് മുളകുപൊടി എറിഞ്ഞ് കാഴ്ച മറച്ച ശേഷം ശാരീരികമായി ആക്രമിച്ച് കൈവശമുണ്ടായിരുന്ന രണ്ടര ലക്ഷം രൂപ കവർച്ച ചെയ്യുകയായിരുന്നു. സംഭവം ഇന്നലെയാണ് നടന്നതെന്നും വിവരം ഇന്ന് രാവിലെയാണ് പുറത്തറിഞ്ഞതെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ആക്രമണത്തിന് ഇരയായ യുവാവ് ഉടൻ തന്നെ പോലീസിൽ പരാതി നൽകി. പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ച ആറ്റിങ്ങൽ പോലീസ് സംഘം നാല് പ്രതികളെയും പിടികൂടി. പിടിയിലായവർ ആറ്റിങ്ങൽ, ചിറയിൻകീഴ് സ്വദേശികളാണ്.

സംഭവത്തിൽ ഉൾപ്പെട്ട ഒരാൾക്കായുള്ള അന്വേഷണം പോലീസ് ഊർജ്ജിതമാക്കിയിട്ടുണ്ട്. ഇയാളെ ഉടൻ പിടികൂടാൻ കഴിയുമെന്നാണ് പോലീസ് നൽകുന്ന സൂചന.

# സീബ്രാ ക്രോസിംഗുകൾ ശാസ്ത്രീയമായി നിർണയിച്ച സ്ഥലത്താണോയെന്ന് ഉറപ്പാക്കണം: ഹൈക്കോടതി

കൊച്ചി: റോഡിലെ സീബ്രാ ക്രോസിംഗുകൾ ശാസ്ത്രീയമായി നിർണയിച്ച സ്ഥലത്താണുള്ളതെന്ന് ഉറപ്പാക്കാൻ ഹൈക്കോടതി നിർദേശം.

പ്രധാന നഗരങ്ങളിലെ സീബ്രാ ക്രോസിംഗുകൾ ശരിയായ വിധമാണെന്ന് ഉറപ്പാക്കാനാണു നിർദേശിച്ചിരിക്കുന്നത്. ട്രാഫിക് ലൈറ്റുകൾ കാൽനടയാത്രക്കാർക്കും ബാധകമാക്കണമെന്നും നിർദേശിച്ചു.

ട്രാഫിക് ഐജി, ട്രാൻസ്പോർട്ട് കമ്മീഷണർ, പൊതുമരാമത്ത് സെക്രട്ടറി എന്നിവർക്കാണു നിർദേശം നൽകിയിരിക്കുന്നത്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാനായി ഹർജി വീണ്ടും പരിഗണിക്കുന്ന ഒക്ടോബർ 23ന് മൂന്ന് ഉദ്യോഗസ്ഥരും ഓൺലൈനായി കോടതിയിൽ ഹാജരാകണമെന്നും ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ നിർദേശിച്ചു.

# മലപ്പുറത്ത് ഏഴംഗ കുടുംബം സഞ്ചരിച്ച കാർ അപകടത്തിൽപ്പെട്ടു; ഒരാൾ മരിച്ചു

മലപ്പുറം: വണ്ടൂരിൽ പേരക്കുട്ടിയെ മൈസൂരുവിൽ നഴ്സിംഗ് കോളജിലാക്കി മടങ്ങിയ ഏഴംഗ കുടുംബം സഞ്ചരിച്ച കാർ മരത്തിൽ ഇടിച്ച് സ്ത്രീ മരിച്ചു. ആറു പേർക്ക് ഗുരുതര പരിക്കേറ്റു. മൂന്നു പേർ ഗുരുതരാവസ്ഥയിലാണ്.

കൂരാട് ചെല്ലക്കൊടി കരിമ്പന കുഞ്ഞിമുഹമ്മദിന്റെ ഭാര്യ മൈമൂന (62) ആണ് മരിച്ചത്. കുഞ്ഞുമുഹമ്മദ് (70), മകൾ താഹിറ (46), മക്കൾ ഇരട്ടക്കുട്ടികളായ അഷ്മിൽ (12), നഷ്മിൽ (12), മരുമകൻ പാണ്ടിക്കാട് സ്വദേശി ഇസ്ഹാഖ് (40), മകൾ ഷിഫ്ര (14) എന്നിവർക്കാണു പരിക്കേറ്റത്. ഇവർ പെരിന്തൽമണ്ണ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

ഇന്ന് പുലർച്ചെ ഒന്നോടെ കൂരാട് വരമ്പൻകല്ല് പാലത്തിനു സമീപമാണ് അപകടം. പരിക്കേറ്റ താഹിറയുടെ മകൾ അൻഷിദ മൈസൂരുവിൽ നഴ്സിംഗിനു പഠിക്കുകയാണ്.

കുടുംബാംഗങ്ങൾ അവിടെപോയി മടങ്ങുമ്പോഴാണ് അപകടം. ഇസ്ഹാഖ് ആണ് കാർ ഓടിച്ചിരുന്നത്. അപകട സമയത്ത് നല്ല മഴ ഉണ്ടായിരുന്നതായും പറയുന്നു. പാലം കഴിഞ്ഞ ഉടൻ എതിർവശത്തെ ബസ് കാത്തിരിപ്പ് കേന്ദ്രത്തിന് മുന്നിലുള്ള ഉങ്ങു മരത്തിൽ ഇടിക്കുകയായിരുന്നു.

ഇടിയുടെ ആഘാതത്തിൽ കാർ പൂർണമായും തകർന്നു. വലിയ ശബ്ദം കേട്ട് ഓടിക്കൂടിയ നാട്ടുകാരാണ് രക്ഷാപ്രവർത്തനം നടത്തിയത്. വണ്ടൂർ പോലീസും ട്രോമാകെയർ പ്രവർത്തകരും എത്തി വിവിധ ആംബുലൻസുകളിൽ എല്ലാവരെയും ആശുപത്രിയിൽ എത്തിച്ചു. പെരിന്തൽമണ്ണയിലേക്ക് കൊണ്ടുപോകുന്ന വഴി മൈമൂന മരിച്ചു. ഇവരുടെ വീട്ടിൽ നിന്നും ഒന്നര കിലോമീറ്റർ അകലെയാണ് അപകടമുണ്ടായത്.

# ജിജ്ഞാസയാണ് എല്ലാ മേഖലയിലും യുവതയെ പ്രസക്തരാക്കുന്നതെന്ന് വിദഗ്ധർ

## ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻ ഷേപ്പിങ് യങ് മൈൻഡ്സ് പ്രോഗ്രാം സംഘടിപ്പിച്ചു

തിരുവനന്തപുരം: സാങ്കേതിക, വ്യാവസായിക രംഗങ്ങളിലെ മാറ്റവും നിർമ്മിത ബുദ്ധിയുടെ സ്വാധീനവും പ്രകടമായ ലോകത്ത് എല്ലാ മേഖലയിലും ജിജ്ഞാസ യുവാക്കൾക്ക് ഏറ്റവും ശക്തമായ മൂല്യമാണെന്നും അത് അവരെ പ്രസക്തമായി നിലനിർത്തുമെന്നും തോൺടൺ ഭാരത് വൈസ് ചെയർ റിച്ചാർഡ് രേഖി പറഞ്ഞു. ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻ (ടിഎംഎ) ഓൾ ഇന്ത്യ മാനേജ്മെൻറ് അസോസിയേഷൻറെ (എഐഎംഎ) സഹകരണത്തോടെ സംഘടിപ്പിച്ച ഷേപ്പിങ് യങ് മൈൻഡ്സ് പ്രോഗ്രാമിലെ (എസ് വൈഎംപി-2025) സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ 30 വയസ്സിന് താഴെയുള്ള യുവാക്കളുടെ നേതൃമികവിൽ നിർണായക സ്വാധീനം ചെലുത്തുന്ന പരിപാടിയെന്ന നിലയിലാണ് എസ് വൈഎംപി-2025 സംഘടിപ്പിച്ചത്. വിവിധ മേഖലകളിലെ വിദഗ്ധർ വിദ്യാർത്ഥികളുമായും യുവ പ്രൊഫഷണലുകളുമായും സംവദിച്ചു.

നേതൃത്വം എന്നത് ഒരു പദവി എന്നതിലുപരി അതുണ്ടാക്കുന്ന സ്വാധീനവും ലക്ഷ്യവുമാണ് പ്രധാനമെന്ന് റിച്ചാർഡ് രേഖി ചൂണ്ടിക്കാട്ടി. മാനേജ്മെൻറിലും നേതൃത്വത്തിലും വിനയവും മനുഷ്യത്വവും നിർണായകമാണ്. തൊഴിലിൽ പ്രതിബദ്ധത വളരെ പ്രധാനമാണെന്ന് അഭിപ്രായപ്പെട്ട അദ്ദേഹം സ്വയം പുനർനിർമ്മിക്കേണ്ടതിൻറെയും പ്രതിബന്ധങ്ങൾ നേരിടേണ്ടതിൻറെയും ആവശ്യകതയും എടുത്തുപറഞ്ഞു.ഇന്ത്യയുടെ വളർച്ച ലോകം ഉറ്റുനോക്കുന്ന വേളയിൽ ഊർജ്ജസ്വലമായ യുവത്വത്തിന് ഈ മുന്നേറ്റത്തിൽ വലിയ പങ്ക് വഹിക്കാനാകുമെന്ന് ഉദ്ഘാടന സെഷനിൽ എയർ മാർഷൽ ഐപി വിപിൻ എവിഎസ്എം വിഎം (റിട്ട.) പറഞ്ഞു. നേതൃ, മാനേജ്മെൻറ് മികവിൽ നൈപുണ്യവും ധാർമ്മികതയും വിലപ്പെട്ട ഘടകങ്ങളാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.സ്ഥാപനത്തോടും തൊഴിലിനോടമുള്ള ഇഷ്ടം നിലനിർത്തിക്കൊണ്ട് പ്രൊഫഷൻ മെച്ചപ്പെടുത്താൻ പരിശീലിക്കണമെന്ന് വന്ദേഭാരത് എക്സ്പ്രസിൻറെ സ്രഷ്ടാവും ഐസിഎഫ് ചെന്നൈ മുൻ ജനറൽ മാനേജരുമായ സുധാൻഷു മണി തൻറെ അനുഭവം വിവരിച്ചുകൊണ്ട് അഭ്യർഥിച്ചു. ഏറ്റെടുക്കുന്ന ഏത് കർത്തവ്യത്തോടും അതിയായ താത്പര്യം ഉണ്ടായിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഷേപ്പിങ് യങ് മൈൻഡ്സ് പ്രോഗ്രാമിൽ ഇതുവരെ ഒരു ലക്ഷത്തോളം ചെറുപ്പക്കാർ പങ്കെടുത്തതായും ഓരോ ഘട്ടത്തിലും മികച്ച നേതൃപാടവം ഉള്ളവരെ കണ്ടെത്താനായിട്ടുണ്ടെന്നും മുഖ്യപ്രഭാഷണം നടത്തിയ എഐഎംഎ ഡയറക്ടർ മാധവ് ശർമ ചൂണ്ടിക്കാട്ടി.

മനുഷ്യ വിഭവവും വിദ്യാസമ്പന്നരായ യുവതയുമാണ് ഒരു രാജ്യത്തിൻറെ ശക്തിയെന്ന് മുൻ അംബാസഡർ ഡോ. ദീപക് വോറ അഭിപ്രായപ്പെട്ടു. ഇന്ത്യയെ ലോകരാജ്യങ്ങൾക്കിടയിൽ മുൻനിരയിലേക്ക് ഉയർത്തുന്നത് വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾക്കൊപ്പം ഇതു കൂടിയാണെന്നും അദ്ദേഹം പറഞ്ഞു. ചൈനയും അമേരിക്കയുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു വർഷത്തിനിടെ ഹൈടെക് സ്റ്റാർട്ടപ്പ്, ലോക്കോമോട്ടീവ് രംഗത്ത് ഇന്ത്യ വൻ കുതിപ്പ് നടത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എൻഎസ് ഡിസി മുൻ സിഇഒയും പ്രധാനമന്ത്രിയുടെ സ്കിൽ ഇന്ത്യ മിഷൻ ഗ്രൂപ്പ് സിഇഒയും യുകെ ഐബിസി സ്ഥാപക സിഇഒയുമായ ജയന്ത് കൃഷ്ണ മുഖ്യപ്രഭാഷണം നടത്തി.

നേതൃമികവിലും മാനേജ്മെൻറ് പാടവത്തിലും വിദഗ്ധരിൽ നിന്ന് അറിവും പരിശീലനവും നേടാനുള്ള മികച്ച അവസരമാണ് എസ് വൈഎംപി പരിപാടിയിലൂടെ ചെറുപ്പക്കാർക്ക് ലഭിക്കുന്നതെന്ന് സ്വാഗതപ്രസംഗത്തിൽ ടിഎംഎ പ്രസിഡൻറ് ജി. ഉണ്ണികൃഷ്ണൻ പറഞ്ഞു. ടിഎംഎ സെക്രട്ടറി ഉണ്ണികൃഷ്ണൻ ഗോപിനാഥ് ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു.

തിരുവനന്തപുരത്തെ ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസ് അസോ. പ്രൊഫ. മാധവ സി കുറുപ്പ്, തിരുവനന്തപുരത്തെ ഡിസി സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻഡ് ടെക്നോളജി ഡയറക്ടർ ഡോ. വേണി എം നായർ, മെഡികെയ്ഡ് എത്തോസ് പ്രൈവറ്റ് ലിമിറ്റഡ് കോ-ചെയർപേഴ്സണും ഗ്രൂപ്പ് സിഇഒയും നട്ട്മെഗ് സഹസ്ഥാപകയുമായ റിട്ട. വിങ് കമാൻഡർ രാഗശ്രീ ഡി നായർ, സെൻറർ ഫോർ മാനേജ്മെൻറ് ഡവലപ്മെൻറ് കേരള ഡയറക്ടർ ഡോ. ജയശങ്കർ പ്രസാദ് സി എന്നിവർ വിവിധ സെഷനുകളിൽ മോഡറേറ്ററായി.

സെൽഫ്-മാനേജ്മെൻറ്, കരിയർ പ്ലാനിംഗ്, നേതൃപാടവം, പ്രൊഫഷണൽ മികവ് എന്നിവയെക്കുറിച്ചുള്ള വിദഗ്ധരുടെ കാഴ്ചപ്പാടുകൾ സംവേദനാത്മക സെഷനുകളിൽ യുവ പ്രതിനിധികൾക്ക് ലഭിച്ചു.

ടിഎംഎയുടെ തുടക്കകാലം തൊട്ട് സംസ്ഥാനത്തെ മാനേജ്മെൻറ്, നേതൃത്വ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. എസ് വൈഎംപി-2025 ന് ആതിഥേയത്വം വഹിച്ചതിലൂടെ യുവ പ്രതിഭകൾക്കും നേതൃത്വ അനുഭവങ്ങൾക്കും ഇടയിലുള്ള വിടവ് നികത്തുന്നതിനുള്ള പ്രതിബദ്ധത ടിഎംഎ വ്യക്തമാക്കുന്നു.



ട്രിവാൻഡ്രം മാനേജ്മെന്റ് അസോസിയേഷൻ (ടിഎംഎ) സംഘടിപ്പിച്ച ഷേപ്പിംഗ് യംഗ് മൈൻഡ്സ് പ്രോഗ്രാം (എസ്വൈഎംപി-2025) എയർ മാർഷൽ ഐപി വിപിൻ (റിട്ട.) ഉദ്ഘാടനം ചെയ്യുന്നു. എഐഎംഎ ഡയറക്ടർ മാധവ് ശർമ്മ, ടിഎംഎ പ്രസിഡന്റ് ജി. ഉണ്ണികൃഷ്ണൻ തുടങ്ങിയവർ സമീപം.

## എൽ.ബി.എസ് സെന്റർ ഫ്രാഞ്ചൈസികൾക്ക് അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി ഫ്രാഞ്ചൈസികൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. സാങ്കേതിക മേഖലയിലെ നൂതന കോഴ്സുകൾ വ്യാപിപ്പിക്കുന്നതിന്റെ മുന്നോടിയായാണ് ഫ്രാഞ്ചൈസികൾക്ക് തുടക്കമിട്ടത്. തൊഴിൽ നൈപുണ്യം വളർത്തി എടുക്കുന്നതിന് പ്രാപ്തമായതും നൂതന സാങ്കേതികവിദ്യയായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിലെ കോഴ്സുകൾക്കാണ് പ്രമുഖ്യം നൽകുന്നത്. ഐ.ടി കോഴ്സുകൾക്കു പുറമെ ടൂറിസം, ഹോസ്പിറ്റാലിറ്റി മാനേജ്മന്റ്, ലോജിസ്റ്റിക്സ്, ഏവിയേഷൻ, ഹെൽത്ത് കെയർ എന്നി മേഖലകളിലെ കോഴ്സുകളുടെ നടത്തിപ്പിനുമായാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. താൽപര്യമുള്ള പരിശീലന കേന്ദ്രങ്ങൾ / വ്യക്തികൾക്ക് കൂടുതൽ വിവരങ്ങൾക്ക്: www.lbscentre.kerala.gov.in, 0471 2560333/ 6238553571, lbsskillcentre@gmail.com (ഇമെയിൽ). അപേക്ഷകൾ നിർദിഷ്ട മാതൃകയിൽ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 20.

## സ്പോട്ട് അഡ്മിഷൻ

രുവനന്തപുരത്തുള്ള കുറവൻകോണം സഹകരണ പരിശീലന കോളേജിൽ 2025-26 ഒജെ&ആങ്ങ കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 29 ന് സ്പോട്ട് അഡ്മിഷൻ നടത്തും. ബിരുദമാണ് അടിസ്ഥാന യോഗ്യത. 40 വയസിൽ താഴെ ഉള്ളവർക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 9961445003, 8547506990.

## ഓഫീസ് അസിസ്റ്റൻറ്

തൃശൂർ ഗവൺമെൻറ് എൻജിനീയറിംഗ് കോളേജിലെ പ്ലേസ്മെൻറ് ആൻഡ് ട്രെയിനിംഗ് അസോസിയേഷൻ ദിവസവേതന അടിസ്ഥാനത്തിൽ ഓഫീസ് അസിസ്റ്റന്റിനെ നിയമിക്കുന്നു. ദിവസവേതനം: 740 രൂപ. യോഗ്യത: കൊമേഴ്സ്/ ഇക്കണോമിക്സ്/ മാനേജ്മെന്റ് വിഷയങ്ങളിൽ ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ നവംബർ 10-നകം www.gectcr.ac.in ൽ അപേക്ഷ സമർപ്പിക്കണം.

## തൊഴിലധിഷ്ഠിത കോഴ്സുകളിൽ അപേക്ഷിക്കാം

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയിൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സോഫ്റ്റ്വെയർ), കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആന്റ് ജി.എസ്.ടി യൂസിംഗ് ടാലി, ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു. എസ്.സി/എസ്.ടി/ഒ.ഇ.സി/ ഒ.ബി.സി(എച്ച്) വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ഫീസിളവ് ആനുകൂല്യം ലഭിക്കും. വിശദ വിവരങ്ങൾക്ക്: http://lbscentre.kerala.gov.in/. ഫോൺ: 0471-2560333 / 9995005055.

## സംയോജിത പഞ്ചവത്സര/ ത്രിവത്സര എൽ.എൽ.ബി പ്രവേശനം: ഓപ്ഷൻ നൽകാം

2025-26 അധ്യയന വർഷത്തെ സംയോജിത പഞ്ചവത്സര/ ത്രിവത്സര എൽ.എൽ.ബി. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റിനുള്ള ഓപ്ഷൻ രജിസ്ട്രേഷൻ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ംww.cee.kerala.gov.in ൽ നടത്തുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 28, 11.59 ജങ വരെയായി നീട്ടി. വിശദവിവരങ്ങൾക്ക്: 0471-2332120, 0471-2338487.

## പി.ജി. ഹോമിയോപ്പതി പ്രവേശനം : ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു

2025-26 അധ്യയന വർഷത്തെ പി.ജി ഹോമിയോപ്പതി കോഴ്സിലേക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അന്തിമ മെറിറ്റ് ലിസ്റ്റും, കാറ്റഗറി ലിസ്റ്റും www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0471-2332120, 0471-2338487.

## 'ഈ സ്നേഹപ്രകടനം ഇന്ത്യൻ സംസ്കാരത്തിന് ചേർന്നതല്ല'; രാഹുലിനും പ്രിയങ്കയ്ക്കുമെതിരെ അധിക്ഷേപ പരാമർശം

ഭോപ്പാൽ: രാഹുൽ - പ്രിയങ്ക സഹോദരങ്ങളുടെ സ്നേഹപ്രകടനത്തെ അധിക്ഷേപിച്ച് മധ്യപ്രദേശിലെ ബിജെപി നേതാക്കാൾ. സഹോദരങ്ങൾ പരസ്യമായി ചുംബിക്കുന്നത് പാശ്ചാത്യ രീതിയാണെന്ന നഗരവികസനമന്ത്രി കൈലാഷ് വിജയ് വർഗീയയുടെ പ്രസ്താവനയെ പരസ്യമായി പിന്തുണച്ച് മന്ത്രി വിജയ് ഷാ രംഗത്തെത്തി.

ഇരുവരുടെയും സ്നേഹപ്രകടനം ഇന്ത്യൻ സംസ്കാരത്തിന് ചേർന്നതല്ലെന്ന് വിജയ് ഷാ പറഞ്ഞു. സംഭവത്തിൽ മന്ത്രിമാരുടെ രാജി ആവശ്യപ്പെട്ട് കോൺഗ്രസും രംഗത്തുവന്നു, രണ്ട് ദിവസം മുൻപാണ് രാഹുൽ - പ്രിയങ്ക സ്നേഹപ്രകടനത്തിനെതിരെ കൈലാഷ് വർഗീയ രംഗത്തെത്തിയത്. ഇന്ന് മന്ത്രി വിജയ് ഷാ ഒരു പൊതുപരിപാടിക്കിടെ ഇതിനെ പരസ്യമായി പിന്തുണയ്ക്കുയായിരുന്നു.

'ഇത് നമ്മുടെ സംസ്കാരമല്ല; നമ്മുടെ ആചാരങ്ങളും പാരമ്പര്യങ്ങളും ഇതല്ല പഠിപ്പിക്കുന്നത്. അത് നിങ്ങളുടെ വീടിനകത്ത് പരിശീലിക്കുക, അല്ലാതെ പൊതുസ്ഥലങ്ങളിൽ വേണ്ട'. പ്രസംഗത്തിനിടെ സമീപത്തുണ്ടായിരുന്ന എംഎൽഎ കാഞ്ചൻ തൻവെയെ ചൂണ്ടിക്കാട്ടി ഷാ ഇങ്ങനെ പറഞ്ഞു: 'അവരും എന്റെ സഹോദരിയാണ്, അപ്പോൾ ഞാൻ ഇവരെ പരസ്യമായി ചുംബിക്കുമോ ഇന്ത്യൻ സംസ്കാരവും നാഗരികതയും ഇതൊന്നും പഠിപ്പിക്കുന്നില്ല. ' ഷാ പറഞ്ഞു.

നേതാക്കളുടെ പ്രസ്താവനയ്ക്കെതിരെ മന്ത്രിമാരുടെ കോലം കത്തിച്ച് കോൺഗ്രസ് പ്രവർത്തകർ രംഗത്തെത്തി. ഇത്തരം തരംതാണ പ്രസ്താവനകൾ നടത്തുന്നവരെ മന്ത്രിസ്ഥാനത്തുനിന്ന മാറ്റാൻ ബിജെപി തയാറാകണമെന്നും കോൺഗ്രസ് നേതാക്കൾ പറഞ്ഞു.

നേരത്തെയും അധിക്ഷേപകരമായ നിരവധി പരാമർശങ്ങൾ നടത്തിയ ബിജെപി നേതാവാണ് കൈലാഷ് വിജയ് വർഗീയ. ഓപ്പറേഷൻ സിന്ദൂറിന്റെ സമയത്ത് കേണൽ സോഫിയ ഖുറേഷിക്കെതിരെ നടത്തിയ പരാമർശങ്ങൾ ബിജെപിയെ തന്നെ വെട്ടിലാക്കിയിരുന്നു.

## മധ്യപ്രദേശിൽ അമ്മയുടെ മുന്നിൽവച്ച് അഞ്ച് വയസുകാരനെ തലയറത്തുകൊന്നു

ഭോപ്പാൽ: മധ്യപ്രദേശിലെ ധറിൽ അമ്മയുടെ മുന്നിൽ വച്ച് അഞ്ച് വയസുകാരനെ തലയറുത്തു കൊന്നു. മാനസിക വൈകല്യമുള്ളയാളാണ് പ്രതിയെന്നാണ് സൂചന.

പ്രതി മഹേഷ് (25) ബൈക്കിൽ എത്തി കാലു സിംഗ് എന്നയാളുടെ വീട്ടിൽകയറി ഒരു വാക്കുപോലും പറയാതെ വീട്ടിൽ കിടന്ന മൂർച്ചയുള്ള ആയുധമെടുത്ത് കുട്ടിയുടെ കഴുത്ത് മുറിക്കുകയായിരുന്നു.

കുട്ടിയെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ അമ്മയ്ക്കും പരിക്കേറ്റു. ഇവരുടെ നിലവിളി കേട്ടെത്തിയ അയൽക്കാർ പ്രതിയെ പിടികൂടി. തുടർന്ന് മർദിച്ചതിന് ശേഷം പോലീസിൽ ഏൽപ്പിച്ചു.

അന്വേഷണത്തിൽ, മഹേഷ് അലിരാജ്പൂർ ജില്ലയിലെ ജോബത് ബാഗ്ഡി സ്വദേശിയാണെന്ന് കണ്ടെത്തി. കഴിഞ്ഞ മൂന്ന് നാല് ദിവസമായി അദ്ദേഹം മാനസികമായി അസ്വസ്ഥനാണെന്നും വീട്ടിൽ നിന്ന് കാണാതായതായും കുടുംബം പോലീസിനോട് പറഞ്ഞു.

## കീം 2025: ഓപ്ഷൻ സമർപ്പിക്കാം

2025 ലെ ആയുർവേദ/ ഹോമിയോ/ സിദ്ധ/ യുനാനി/ അഗ്രികൾച്ചർ/ ഫോറസ്ട്രി/ ഫിഷറീസ്/ വെറ്ററിനറി/കോ ഓപ്പറേഷൻ & ബാങ്കിംഗ്/ ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയൺമെന്റൽ സയൻസ്, ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്) കോഴ്സുകളിലേയ്ക്കള്ള സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ ആരംഭിച്ചു. ഓൺലൈൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം / ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം ഒക്ടോബർ 5 രാത്രി 11.59 വരെ www.cee.kerala.gov.in ൽ ലഭ്യമാണ്. ഫോൺ: 0471 2332120, 2338487.

## വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള വനിതാ കമ്മീഷനിൽ നിലവിൽ ഒഴിവുള്ള ഒരു അസിസ്റ്റന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ സർവീസിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. 39,300-83,000 ശമ്പള സ്കെയിലിൽ സേവനമനുഷ്ഠിക്കുന്നവർക്ക് അപേക്ഷിക്കാം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ മേലധികാരി മുഖേന നിരാക്ഷേപപത്രം സഹിതം മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, പി.എം.ജി, പട്ടം.പി.ഒ, തിരുവനന്തപുരം 695004 വിലാസത്തിൽ സെപ്റ്റംബർ 30 നകം ലഭ്യമാക്കണം.

## അധ്യാപികയ്ക്ക് നേരെ ആസിഡ് ആക്രമണം; പ്രതികൾ അറസ്റ്റിൽ

ലക്നോ: ഉത്തർപ്രദേശിൽ അധ്യാപികയ്ക്ക് നേരെ ആസിഡ് ആക്രമണം നടത്തിയയാൾ അറസ്റ്റിൽ. അമോറ ജില്ലയിലെ ടിഗ്രി നിവാസിയായ നിഷു തിവാരി(30) ആണ് അറസ്റ്റിലായത്. കേസിൽ ജഹാൻവി(അർച്ചന) എന്ന യുവതിയും പിടിയിലായിട്ടുണ്ട്.

സെപ്റ്റംബർ 23 ന് നഖസ പോലീസ് സ്റ്റേഷൻ പരിധിയിൽ, 22 കാരിയായ അധ്യാപിക സ്കൂളിൽ നിന്ന് വീട്ടിലേക്ക് മടങ്ങുമ്പോൾ, ദെഹ്പ ഗ്രാമത്തിന് സമീപം സ്കൂട്ടറിൽ എത്തിയ പ്രതി ഇവരുടെ മുഖത്ത് ആസിഡ് ഒഴിക്കുകയായിരുന്നു.ആക്രമണത്തിൽ അധ്യാപികയ്ക്ക് 30 ശതമാനം പൊള്ളലേറ്റു. സംഭവത്തെത്തുടർന്ന് അധ്യാപികയെ ചികിത്സയ്ക്കായി ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വ്യാഴാഴ്ച രാത്രി കല്യാൺപൂർ ഗ്രാമത്തിന് സമീപം നഖസ പോലീസ് നിഷുവിനെ പിടികൂടാൻ ശ്രമിച്ചു. എന്നാൽ ഇയാൾ ഉദ്യോഗസ്ഥർക്ക് നേരെ വെടിയുതിർത്തു. പോലീസ് നടത്തിയ പ്രത്യാക്രമണത്തിൽ പ്രതിയുടെ രണ്ട് കാലുകളിലും പരിക്കേറ്റു.

അറസ്റ്റ് ചെയ്ത നിഷു തിവാരിയെ പോലീസ് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇയാളുടെ പക്കൽ നിന്നും ഒരു പിസ്റ്റൾ, രണ്ട് വെടിയുണ്ടകൾ, സ്കൂട്ടർ എന്നിവയും പോലീസ് കണ്ടെടുത്തു. ചോദ്യം ചെയ്യലിൽ, സോഷ്യൽ മീഡിയ വഴി പരിചയപ്പെട്ട ഡോ. അർച്ചന എന്ന യുവതിയുമായി താൻ പ്രണയത്തിലായിരുന്നുവെന്ന് നിഷു പറഞ്ഞു.

തന്റെ സഹോദരി ജഹാൻവിയും ഒരു സൈനികനും തമ്മിൽ വിവാഹനിശ്ചയം കഴിഞ്ഞുവെന്നും എന്നാൽ ഇയാൾ മറ്റൊരു യുവതിയെ വിവാഹം കഴിച്ചതറിഞ്ഞ് തങ്ങൾ ബന്ധം അവസാനിപ്പിച്ചുവെന്നും അർച്ചന, നിഷുവിനോടു പറഞ്ഞു.

അർച്ചനയുടെ ആവശ്യപ്രകാരമാണ് പട്ടാളക്കാരന്റെ ഭാര്യയായ അധ്യാപികയെ അപായപ്പെടുത്താൻ ശ്രമിച്ചതെന്നും ഇയാൾ വ്യക്തമാക്കി. കൂടുതൽ അന്വേഷണത്തിൽ ജഹാൻവിയും ഡോ. അർച്ചനയും ഒരേ വ്യക്തിയാണെന്നും നിഷുവിനെ കബളിപ്പിക്കാൻ ഒന്നിലധികം ഓൺലൈൻ അക്കൗണ്ടുകൾ സൃഷ്ടിച്ചിരുന്നതായും പോലീസ് കണ്ടെത്തി. വിവാഹിതയായ സ്ത്രീക്ക് മൂന്ന് കുട്ടികളുണ്ടെന്നും, ഭർത്താവിന് ഉറക്ക ഗുളികകൾ നൽകിയ ശേഷം നിഷുവിനൊപ്പം ഒളിച്ചോടിയിട്ടുണ്ടെന്നും പോലീസ് പറഞ്ഞു. അതേ സമയം, നിഷുവിനെയും ജഹാൻവിയെയും ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടതായി എസ്പി കൂട്ടിച്ചേർത്തു.

## മോദിയെ വിമർശിച്ചതിന് കോൺഗ്രസ് നേതാവിനെ പരസ്യമായി സാരി ഉടുപ്പിച്ചു; 18 പേർക്കെതിരെ കേസ്

മുംബൈ: പ്രധാനമന്ത്രി നരേന്ദ്ര മോദിയെ വിമർശിച്ചതിന് കോൺഗ്രസ് നേതാവിനെ പരസ്യമായി സാരി ഉടുപ്പിച്ച സംഭവത്തിൽ 18 ബിജെപി പ്രവർത്തകർക്കെതിരെ കേസ്. മഹാരാഷ്ട്രയിലെ ഡോംബിവാലിയിൽ ചൊവ്വാഴ്ചയാണ് ബിജെപി പ്രവർത്തകർ 73കാരനായ കോൺഗ്രസ് പ്രവർത്തകനെ നിർബന്ധിച്ച് സാരി ഉടുപ്പിച്ചത്.

ബിജെപി കല്യാൺ ജില്ലാ അധ്യക്ഷൻ അടക്കമുള്ളവർക്കെതിരെയാണ് പോലീസ് കേസെടുത്തത്. നരേന്ദ്ര മോദിയെ അപമാനിക്കുന്ന ഫോട്ടോ ഷെയർ ചെയ്തെന്ന് ആരോപിച്ചായിരുന്നു ബിജെപി പ്രവർത്തകർ കോൺഗ്രസ് നേതാവ് പ്രകാശ് പഗാരെയെ സാരി ഉടുപ്പിച്ചത്.

കോൺഗ്രസ് നേതാവ് പങ്കുവച്ച ചിത്രത്തിൽ പ്രധാനമന്ത്രി മോദി സാരി ഉടുത്തിരിക്കുന്നതായി കാണിച്ചിരുന്നു, ഇത് ബിജെപി പ്രവർത്തകരുടെ പ്രതിഷേധത്തിനും കാരണമായി.

ചിത്രത്തോടൊപ്പം ഒരു ഗാനവും പങ്കുവെച്ചിട്ടുണ്ടെന്നും അത് അപമാനകരവുമാണെന്ന് ബിജെപി ആരോപിച്ചു. 'ഭാരത ജനതാ പാർട്ടിക്ക് വാഴട്ടെ! ' കോൺഗ്രസ് നേതാവിനെ പിങ്ക് സാരി അണിയിച്ച ശേഷം പ്രവർത്തകർ ആർത്തുവിളിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# രണ്ട് വയസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസ്; പ്രതി ഹസൻകുട്ടി കുറ്റക്കാനെന്ന് കോടതി

തിരുവനന്തപുരം: ചാക്കയിൽ രണ്ട് വയസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിൽ പ്രതി ഹസൻകുട്ടി കുറ്റക്കാരനെന്ന് കോടതി. തിരുവനന്തപുരം പോക്സോ കോടതിയാണ് വിധി പ്രസ്താവിച്ചത്. ഒക്ടോബർ മൂന്നിന് കോടതി ശിക്ഷ വിധിക്കും.

ഇതരസംസ്ഥാന തൊഴിലാളികളായ മാതാപിതാക്കൾക്കൊപ്പം റോഡരുകിൽ കിടന്നുറങ്ങുമ്പോഴാണ് കുട്ടിയെ തട്ടികൊണ്ടുപോയത്. കൊല്ലം സ്വദേശിയായ കബീർ എന്നു വിളിക്കുന്ന ഹസൻകുട്ടിയാണ് പ്രതി.

2024 ഫെബ്രുവരി 19ന് പുലർച്ചെയാണ് ചാക്ക റെയിൽവേ പാളത്തിന് സമീപത്തെ പുറംമ്പോക്ക് ഭൂമിയിൽ നാടോടി സംഘത്തിനൊപ്പമുണ്ടായിരുന്ന കുട്ടിയെ തട്ടികൊണ്ടുപോയത്.

പോക്സോ കേസിൽ പ്രതിയായ ഹസൻകുട്ടി, കുട്ടിയെ തട്ടികൊണ്ടുപോയി പീഡിപ്പിച്ച ശേഷം റെയിൽവേ ട്രാക്കിന് സമീപത്തെ പൊന്തകാട്ടിൽ ഉപേക്ഷിക്കുകയായിരുന്നു. കാണാതായ ദിവസം രാത്രിയിൽ തന്നെ അബോധാവസ്ഥയിൽ കുട്ടിയെ കണ്ടെത്തുകയും ചെയ്തിരുന്നു.

കുട്ടിയെ ഉടൻ തന്നെ എസ്എടി ആശുപത്രിയിൽ എത്തിച്ചതിനാലാണ് ജീവൻ രക്ഷിക്കാനായത്. കുട്ടിയെ കാണാതായ സ്ഥലത്തിനു സമീപത്തുള്ള ബ്രഫോസിന്റെ എൻട്രി ഗേറ്റിലെയും പരിസര പ്രദേശത്തുമുള്ള മറ്റ് സിസിടിവികളിലെയും ദൃശ്യങ്ങൾ പരിശോധിച്ചാണ് പ്രതിയെ തിരിച്ചറിഞ്ഞത്. കുട്ടിയെ തട്ടികൊണ്ടുപോയി ഉപേക്ഷിച്ച ശേഷം പ്രതി നേരെ ആലുവയിൽ തട്ടുകടയിൽ പോയി ജോലിക്ക് നിന്നു. അവിടെ നിന്നും പളനിയിൽ പോയി മൊട്ടയടിച്ചു.

കൊല്ലത്ത് തിരികെയെത്തി മദ്യം വാങ്ങാനെത്തുമ്പോഴാണ് പോലിസ് പിടികൂടിയത്. കുട്ടിയുടെ വൈദ്യപരിശോധനാഫലം പീഡനം സ്ഥിരീകരിച്ചതും പ്രതിയുടെ വസ്ത്രത്തിൽനിന്ന് കുട്ടിയുടെ തലമുടി ശാസ്ത്രീയ പരിശോധനയിൽ കണ്ടെത്താനായതും പ്രൊസിക്യൂഷന് വഴിത്തിരിവായി. കൂടാതെ കുട്ടിയെ പീഡനത്തിനിരയാക്കിയ സ്ഥലത്തുനിന്നും ശേഖരിച്ച സാമ്പിളുകളും പ്രതിയുടെ വസ്ത്രത്തിൽ നിന്നും ലഭിച്ച സാമ്പിളുകളും ശാസ്ത്രീയ പരിശോധനയിൽ ഒന്നാണെന്ന് കണ്ടെത്തുകയുണ്ടായി.

41 സാക്ഷികളെ വിസ്തരിക്കുകയും 62 രേഖകളും 11 തൊണ്ടിമുതലുകളും ഹാജരാക്കുകയും ചെയ്തു. ഹസൻകുട്ടിക്കെതിരെ പോക്സോ ഉൾപ്പെടെ മറ്റ് നിരവധി കേസുകളുണ്ട്. പേട്ട എസ്എച്ച്ഒയായിരുന്ന കെ. ശ്രീജിത്താണ് കുറ്റപത്രം സമർപ്പിച്ചത്.

തിരുവനന്തപുരം ഡിസിപിയായ നിധിൻ രാജിന്റെ മേൽനോട്ടത്തിലായിരുന്നു അന്വേഷണം. പ്രോസിക്യൂഷന് വേണ്ടി കാട്ടായിക്കോണം അജിത് പ്രസാദ് ഹാജരായി.

# ബാലരാമപുരത്ത് രണ്ട് വയസുകാരിയെ കിണറ്റിൽ എറിഞ്ഞ കേസ്; അമ്മ അറസ്റ്റിൽ

തിരുവനന്തപുരം: ബാലരാമപുരത്ത് കുഞ്ഞിനെ കിണറ്റിൽ എറിഞ്ഞ കേസിൽ അമ്മയെ പോലീസ് അറസ്റ്റ് ചെയ്തു. ബാലരാമപുരം പോലീസാണ് അമ്മ ശ്രീതുവിനെ അറസ്റ്റ് ചെയ്തത്.

കേസിൽ കുട്ടിയുടെ അമ്മാവൻ ഹരികുമാറിനെ നേരത്തെ ഒന്നാം പ്രതിയാക്കി അറസ്റ്റ് ചെയ്തിരുന്നു. ശ്രീതുവിനെതിരെ നേരത്തെ വഞ്ചന കേസ് മാത്രമായിരുന്നു രജിസ്റ്റർ ചെയ്തത്.

ശ്രീതു നുണപരിശോധനക്ക് വിസമ്മതിച്ചിരുന്നു. ഇതിൽ ശ്രീതുവിന്റെ പങ്ക് വ്യക്തമെന്ന് പോലീസ് പ്രതികരിച്ചു. ശ്രീതുവിന്റെയും ഹരികുമാറിന്റെയും മൊബൈൽ ഫോണുകളുടെ ശാസ്ത്രീയ പരിശോധനയിൽ ഇരുവരും തമ്മിൽ അസാധാരണ ബന്ധമുള്ളതായും പോലീസ് കണ്ടെത്തിയിട്ടുണ്ട്. ജനുവരി 30നാണ് കുട്ടിയെ വീടിനടുത്ത കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. സഹോദരിയുമായുള്ള വഴിവിട്ട ബന്ധത്തിന് കുട്ടി തടസമായപ്പോൾ ഹരികുമാർ കൊലപ്പെടുത്തിയെന്നാണ് നിലവിലുള്ള കേസ്. ഹരികുമാർ തന്നെയാണ് കുട്ടിയെ കിണറ്റിലെറിഞ്ഞു കൊലപ്പെടുത്തിയതെന്നായിരുന്നു നേരത്തെയുള്ള മൊഴി.

നേരത്തെയുള്ള മൊഴികളുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ കുറ്റപത്രം സമർപ്പിക്കാനിരിക്കെ ഹരികുമാർ താനല്ല കുഞ്ഞിനെ കിണറ്റിലെറിഞ്ഞതെന്ന മൊഴി മാറ്റി. ഹരികുമാറിന്റെ മൊഴി മാറ്റത്തോടെ നുണപരിശോധനയ്ക്കുശേഷം കുറ്റപത്രം നൽകിയാൽ മതിയെന്ന് പോലീസ് തീരുമാനിച്ചു. പ്രതിയായ അമ്മാവൻ ഹരികുമാറിനെയും അമ്മ ശ്രീതുവിനെയും നുണപരിശോധനയ്ക്ക് വിധേയമാക്കാനായിരുന്നു പോലീസിന്റെ തീരുമാനം. എന്നാൽ ശ്രീതു നുണപരിശോധനക്ക് വിസമ്മതിച്ചിരുന്നു. ഇതിന് പിന്നാലെയാണ് പോലീസ് ശ്രീതുവിനെ അറസ്റ്റ് ചെയ്തത്.

# ഹൃദയപൂർവം: ഹൃദയാഘാത പ്രഥമ ശുശ്രൂഷാ പരിശീലന ക്യാമ്പയിൻ മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കും

### * 200–ലധികം കേന്ദ്രങ്ങളിൽ സിപിആർ വിദഗ്ധ പരിശീലനം

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഹൃദയാഘാത പ്രഥമ ശുശ്രൂഷാ (സിപിആർ: കാർഡിയോ പൾമണറി റെസെസിറ്റേഷൻ) പരിശീലന ബോധവത്ക്കരണ ക്യാമ്പയിൻ 'ഹൃദയപൂർവം' സംസ്ഥാനതല ഉദ്ഘാടനം ലോക ഹൃദയ ദിനമായ സെപ്റ്റംബർ 29 തിങ്കളാഴ്ച രാവിലെ 8.30ന് നിയമസഭ ശങ്കര നാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ അധ്യക്ഷത വഹിക്കും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പങ്കെടുക്കും. മന്ത്രിമാർ, എംഎൽഎമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. ഉദ്ഘാടനത്തിന് ശേഷം നിയമസഭാ സാമാജികർക്കും ജീവനക്കാർക്കുമുള്ള പരിശീലനം ആരംഭിക്കും.

ഹൃദയാഘാതം ഉണ്ടാകുന്ന രോഗിയ്ക്ക് ആശുപത്രിയിലെത്തിക്കുന്നതിന് മുമ്പ് നൽകുന്ന ശാസ്ത്രീയമായ പ്രഥമ ശുശ്രൂഷാ പരിശീലനം എല്ലാവർക്കും ലഭ്യമാക്കാനാണ് സംസ്ഥാന വ്യാപകമായി ജനകീയമായ പരിശീലന പരിപാടി ആരംഭിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി ആകെ 200-ലധികം പരിശീലന കേന്ദ്രങ്ങൾ ഉണ്ടാകും. ആധുനിക മാനിക്കിനുകളുടെ സഹായത്തോടെയാണ് പരിശീലനം. സംസ്ഥാനത്ത് ഉടനീളം നടക്കുന്ന പരിശീലന പരിപാടികളിൽ മെഡിക്കൽ കോളേജുകൾ, മറ്റ് ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലെ വിദഗ്ധ ഡോക്ടർമാർ പരിശീലനത്തിന് നേതൃത്വം നൽകും. ഐഎംഎ, കെജിഎംഒഎ എന്നിവരുടെ സഹകരണത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. തുടർന്നുള്ള ദിവസങ്ങളിലും പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ നല്ലൊരു ജനവിഭാഗത്തെ സിപിആർ പരിശീലനത്തിൽ പ്രാവീണ്യമുള്ളവരാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

ഡ്രൈവർമാർ, പോലീസ് ഉദ്യോഗസ്ഥർ, കോളേജ് വിദ്യാർത്ഥികൾ, ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ, സന്നദ്ധസേവകർ തുടങ്ങി വലിയൊരു സേനയ്ക്ക് പ്രഥമ ശുശ്രൂഷയിൽ പരിശീലനം നൽകും. കേരളത്തിലെ മുഴുവൻ ജനങ്ങളെയും പ്രഥമ ശുശ്രൂഷയിൽ പരിശീലനം നൽകി പ്രാപ്തരാക്കുക എന്നതാണ് ഈ ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. പരിശീലനം ലഭിച്ച ഏതൊരാൾക്കും ചെയ്യാൻ സാധിക്കുന്ന പ്രഥമ ശുശ്രൂഷാ മാർഗമാണ് സിപിആർ. ഹൃദയം സ്ഥിതിചെയ്യുന്ന നെഞ്ചിന്റെ ഇടത് ഭാഗത്താണ് സിപിആർ ചെയ്യേണ്ടത്. ആദ്യത്തെ കൈയുടെ മുകളിൽ മറ്റൊരു കൈ വയ്ക്കുകയും വിരലുകൾ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്ത് അഞ്ചുമുതൽ 6 സെന്റിമീറ്റർ താഴോട്ട് നെഞ്ചിൽ അമർത്തിയാണ് സിപിആർ നൽകേണ്ടത്. സിപിആറിന് പുറമേ വായിലൂടെ കൃത്രിമ ശ്വാസോച്ഛ്വാസവും നൽകണം. രോഗി പ്രതികരിക്കുന്നത് വരേയോ ആശുപത്രിയിൽ എത്തുന്നത് വരേയോ ഇത് തുടരണം.

# അതിദരിദ്രരില്ലാത്ത ജില്ലയാകാനൊരുങ്ങി തിരുവനന്തപുരം

### ശതമാനം കുടുംബങ്ങൾ അതിദാരിദ്ര്യമുക്തം

നവംബർ ഒന്നിന് സംസ്ഥാനം അതിദാരിദ്ര്യമുക്തമാകാൻ ഒരുങ്ങുമ്പോൾ ജില്ലയിലും നടപടികൾ പുരോഗമിക്കുകയാണ്.

അതിദരിദ്രരായി കണ്ടെത്തിയവരിൽ 94.86 ശതമാനം കുടുംബങ്ങളെയും ഇതിനകം അതിദാരിദ്ര്യമുക്തമാക്കാൻ സാധിച്ചത് ജില്ല കൈവരിച്ച പ്രധാന നേട്ടമാണ്. നിലവിൽ 24 തദ്ദേശ സ്ഥാപനങ്ങൾ അതിദാരിദ്ര്യമുക്തമായിട്ടുണ്ട്. അവശേഷിക്കുന്നവയെ ഉടൻ പ്രഖ്യാപിക്കും.

ഒക്ടോബർ മാസത്തിൽ സമ്പൂർണമായും അതിദരിദ്രരില്ലാത്ത ജില്ലയായി തിരുവനന്തപുരം മാറും. മൈക്രോപ്ലാൻ പ്രകാരം ജില്ലയിൽ അതിദരിദ്രരായി കണ്ടെത്തിയ 6250 കുടുംബങ്ങളിൽ 5929 കുടുംബങ്ങളെ അതിദാരിദ്ര്യമുക്തമാക്കി. പട്ടികയിൽ ഷെൽട്ടർ ഘടകം മാത്രം ആവശ്യമുള്ള 1219 കുടുംബങ്ങളാണ് ജില്ലയിൽ ഉണ്ടായിരുന്നത്. ഇതിൽ വീട് മാത്രം ആവശ്യമുണ്ടായിരുന്ന 332 കുടുംബങ്ങൾക്കും വീട് ഉറപ്പാക്കി. ഭവന പുനരുദ്ധാരണം ആവശ്യമുണ്ടായിരുന്ന 505 കുടുംബങ്ങൾക്ക് അതും പുരോഗമിക്കുകയാണ്.

അതിദാരിദ്ര്യത്തിൽ നിന്ന് മുക്തമാവാൻ വസ്തുവും വീടും ആവശ്യമുള്ളതായി ജില്ലയിൽ കണ്ടെത്തിയ 284 കുടുംബങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികൾ മുഖേനയും ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ മുഖേനയും ഭൂമി ലഭ്യമാക്കി ഭവന നിർമ്മാണം പുരോഗമിക്കുകയാണ്. അവശേഷിക്കുന്ന കുടുംബങ്ങൾക്ക് റവന്യു ഭൂമിയിൽ പട്ടയവും നൽകുന്നുണ്ട്.

ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ജില്ലയിലെ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയത്. ഈ കുടുംബങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭക്ഷണം, മരുന്നുകൾ, സാന്ത്വന ചികിത്സ, ആരോഗ്യ സഹായ ഉപകരണങ്ങൾ എന്നിങ്ങനെയുള്ള സേവനങ്ങൾ ലഭ്യമാക്കി.

ജില്ലയിൽ 2658 കുടുംബങ്ങൾക്ക് ഭക്ഷണം, 2891 കുടുംബങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ, 343 കുടുംബങ്ങൾക്ക് കുടുംബശ്രീയുടെ ഉജ്ജീവനം പദ്ധതി മുഖേനയും സേവനം നൽകിയിട്ടുണ്ട്. അടിസ്ഥാന രേഖകളില്ലാത്ത എല്ലാ കുടുംബങ്ങൾക്കും ആധാർ, വോട്ടർ ഐഡി, റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട് തുടങ്ങി 13ൽപ്പരം രേഖകൾ ഉറപ്പാക്കിയിട്ടുണ്ട്.

അതിദരിദ്ര കുടുംബങ്ങളിലെ പത്താം ക്ലാസ് വിജയിച്ച കുട്ടികൾക്ക് വീടിനടുത്ത് തന്നെ തുടർപഠനത്തിന് അവസരം നൽകുകയും കുട്ടികൾക്ക് സൗജന്യ ബസ് പാസ്, പഠനോപകരണങ്ങൾ എന്നിവ തദ്ദേശ സ്ഥാപനങ്ങൾ വഴി നൽകുകയും ചെയ്യുന്നുണ്ട്.

# അലോട്ട്മെൻറ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ഹോമിയോ കോളേജുകളിലെ സീറ്റുകളിലേക്കുള്ള 2025 ലെ ഒന്നാംഘട്ട അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഹോം പേജിലെ 'ഉമമേ വെലലഭ' എന്ന മെനു ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് പ്രിന്റ് ചെയ്തെടുക്കാം. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ, പ്രോസ്പെക്ടസ് പ്രകാരമുള്ള രേഖകൾ എന്നിവ സഹിതം ഒക്ടോബർ 1ന് വൈകിട്ട് 3ന് മുമ്പ് കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാകണം. വിശദ വിവരങ്ങൾക്ക്: www.cee.kerala.gov.in .

# സിപിഎമ്മിൻറേത് പ്രീണന നയം; യോഗിയും പിണറായിയും കൂട്ടുകാരായി: വി. ഡി. സതീശൻ

തിരുവനന്തപുരം: സിപിഎമ്മിൻറേത് പ്രീണന നയമാണെന്നും സർക്കാരിന്റെ കപട ഭക്തിയിൽ വിശ്വാസമില്ലെന്നും പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ.

കേരളത്തിലെ യുഡിഎഫിൻറേത് ഉറച്ച മതേതര നിലപാടാണ്. യുഡിഎഫ് ഭൂരിപക്ഷ വർഗീയതയ്ക്കും ന്യൂനപക്ഷ വർഗീയതയ്ക്കും ഒരുപോലെ എതിരാണ്. സിപിഎം മുൻപ് ന്യൂനപക്ഷ വർഗീയതയെ പ്രോത്സാഹിപ്പിച്ചു. ഇപ്പോൾ ഭൂരിപക്ഷ വർഗീയതയെ പ്രോത്സാഹിപ്പിക്കുന്നു. എൻഎസ്എസ്, എസ്എൻഡിപി നിലപാടിൽ കോൺഗ്രസിന് ആശങ്കയില്ലെന്നും സതീശൻ വ്യക്തമാക്കി. യോഗിയും പിണറായിയും നല്ല കൂട്ടുകാരായെന്നും സതീശൻ പരിഹസിച്ചു. ഗോഡ്സെയുടെ പിന്തുടർച്ചക്കാരാണ് രാഹുൽ ഗാന്ധിയുടെ ശരീരത്ത് വെടിയുണ്ട കയറും എന്ന് പറയുന്നത്. രാഹുലിന്റെ ദേഹത്തൊരു മണ്ണ് വാരി ഇടാൻ കഴിയില്ല. അതിന് ജനാധിപത്യ വിശ്വാസികൾ സമ്മതിക്കില്ല. രാഹുലിനെ ഒരു വാക്കുകൊണ്ടും ഭയപ്പെടുത്താൻ കഴിയില്ല. കേരളത്തിലെ പോലീസ് പരാമർശത്തിനെതിരെ ഒരു നടപടിയും എടുത്തിട്ടില്ല. ബിജെപിയുമായി പിണറായി സർക്കാർ സന്ധി ചെയ്തിരിക്കുകയാണെന്നും സതീശൻ കുറ്റപ്പെടുത്തി.

# ലഡാക്ക് പ്രക്ഷോഭം; അപലപിച്ച് സിപിഎം പോളിറ്റ് ബ്യൂറോ

ശ്രീനഗർ: ലഡാക്ക് പ്രക്ഷോഭവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ സോനം വാംഗ്ചുകിനെ അറസ്റ്റ് ചെയ്ത സംഭവത്തിൽ അപലപിച്ച് സിപിഎം പോളിറ്റ് ബ്യൂറോ.

വാംഗ്ചുകിനെ ദേശീയ സുരക്ഷാ നിയമം ഉൾപ്പെടെ ചുമത്തി ജയിലിൽ അടച്ചത് ബിജെപിയുടെ സ്വേഛാതിപത്യ നടപടിയാണ്. നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിന് പകരം ലഡാക്കിലെ ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങളെ അടിച്ചമർത്തുന്നത് അംഗീകരിക്കാൻ കഴിയില്ല.

ലഡാക്ക് ജനതയുടെ മൗലിക അവകാശങ്ങൾക്കും, ജനാധിപത്യ സ്വാതന്ത്യത്തിനും മേലുള്ള കടന്നുകയറ്റമാണ് ബിജെപി സർക്കാർ നടത്തുന്നതെന്ന് സിപിഎം പോളിറ്റ് ബ്യൂറോ വ്യക്തമാക്കി.

സോനം വാംഗ്ചുകിനെ ഉടൻ മോചിപ്പിക്കുകയും ജനങ്ങൾക്ക് മേൽ ചുമത്തിയ കേസുകൾ ഉടൻ പിൻവലിക്കുകയും ചെയ്യണം. ലഡാക്ക് ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കണം. ലഡാക്കിനെ ആറാം ഷെഡ്യൂളിൾ ഉൾപ്പെടുത്തണമെന്നും സിപിഎം പോളിറ്റ് ബ്യൂറോ ആവശ്യപ്പെട്ടു.

# കൊളംബിയൻ പ്രസിഡൻറിന്റെ വീസ റദ്ദാക്കുമെന്ന് യുഎസ്

വാഷിംഗ്ടൺ ഡിസി: കൊളംബിയൻ പ്രസിഡൻറ് ഗുസ്താവോ പെട്രോയുടെ വീസ റദ്ദാക്കുമെന്ന് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ്. ന്യൂയോർക്കിൽ നടന്ന പലസ്തീൻ അനുകൂല തെരുവ് പ്രതിഷേധത്തിനിടെ നടന്ന 'പ്രകോപനപരമായ പ്രവൃത്തികൾ' കണക്കിലെടുത്താണ് ഈ തീരുമാനമെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് കൂട്ടിച്ചേർത്തു. ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിൽ പങ്കെടുക്കാനാണ് പെട്രോ ന്യൂയോർക്കിൽ എത്തിയത്. അവിടെ അദ്ദേഹം ട്രംപ് ഭരണകൂടത്തെ നിശിതമായി വിമർശിക്കുകയും കരീബിയൻ കടലിൽ മയക്കുമരുന്ന് കടത്താരോപിച്ച് ബോട്ടുകൾക്ക് നേരെ യുഎസ് നടത്തിയ ആക്രമണങ്ങളിൽ ക്രിമിനൽ അന്വേഷണം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ഈ ആക്രമണങ്ങളിൽ നിരായുധരായ പാവപ്പെട്ട യുവാക്കൾ മരിച്ചതായും പെട്രോ ആരോപിച്ചു. എന്നാൽ, വെനസ്വേലയുടെ തീരത്ത് നടക്കുന്ന യുഎസ് മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമാണിതെന്നാണ് വാഷിംഗ്ടണിന്റെ വാദം. ന്യൂയോർക്കിലെ തെരുവിൽ മെഗാഫോണിലൂടെ ഒരു വലിയ ജനക്കൂട്ടത്തെ അഭിസംബോധന ചെയ്യുന്ന വീഡിയോ പെട്രോ തന്റെ സോഷ്യൽ മീഡിയ അക്കൗണ്ടിൽ പങ്കുവച്ചിരുന്നു. അമേരിക്കൻ സൈന്യത്തേക്കാൾ വലിയ ഒരു സൈന്യത്തിനായി സൈനികരെ സംഭാവന ചെയ്യാൻ അദ്ദേഹം ലോകരാജ്യങ്ങളോട് ആഹ്വാനം ചെയ്തു. 'ഇവിടെ ന്യൂയോർക്കിൽനിന്ന്, യുണൈറ്റഡ് സ്റ്റേറ്റ്സ് ആർമിയിലെ എല്ലാ സൈനികരോടും മനുഷ്യരാശിക്ക് നേരെ തോക്ക് ചൂണ്ടരുതെന്ന് ഞാൻ അഭ്യർഥിക്കുന്നു. ട്രംപിന്റെ ഉത്തരവ് അനുസരിക്കരുത്! മനുഷ്യരാശിയുടെ ഉത്തരവ് അനുസരിക്കുക'. എന്നും അദ്ദേഹം പ്രസംഗിച്ചിരുന്നു.

അതേസമയം, പെട്രോയുടെ വിസയ്ക്ക് പകരം ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ വിസ റദ്ദാക്കേണ്ടതായിരുന്നുവെന്ന് കൊളംബിയൻ ആഭ്യന്തര മന്ത്രി അർമാൻഡോ ബെനഡെറ്റി വെള്ളിയാഴ്ച രാത്രി എക്സിൽ കുറിച്ചു.

# തലയോലപ്പറമ്പിൽ കാറും ലോറിയും കൂട്ടിയിടിച്ച് രണ്ടുപേർ മരിച്ചു

കോട്ടയം: തലയോലപ്പറമ്പ് തലപ്പാറയിൽ കാറും ലോറിയും കൂട്ടിയിടിച്ച് രണ്ടു പേർ മരിച്ചു. ഒരാൾക്ക് ഗുരുതര പരിക്ക്. കരിപ്പാടം സ്വദേശി മുർത്താസ് അലി റഷീദ്, വൈക്കം സ്വദേശി റിദ്ദീഖ് എന്നിവരാണ് മരിച്ചത്. പരിക്കേറ്റയാളുടെ നില ഗുരുതരമാണ്. അർധരാത്രിയിൽ തലപ്പാറ കൊങ്കിണി മുക്കിലാണ് അപകടമുണ്ടായത്. നിയന്ത്രണംവിട്ട കാർ ലോറിയിൽ ഇടിച്ചു കയറുകയായിരുന്നുവെന്നാണ് പ്രാഥമിക വിവരം. അപകടത്തെ തുടർന്ന് റോഡ് ഗതാഗതം സ്തംഭിച്ചു.

# കണ്ണൂരിൽ ജനവാസ മേഖലയിൽ ഭീതി പരത്തിയ കാട്ടുപോത്തിനെ വെടിവച്ചു പിടികൂടി

കണ്ണൂർ: മട്ടന്നൂരിലെ ജനവാസ മേഖലയിൽ ഭീതി പരത്തി നടന്ന കാട്ടുപോത്തിനെ ഒടുവിൽ വനംവകുപ്പ് മയക്കുവെടി വച്ച് പിടികൂടി. കൂടാളി ചിത്രാരിയിൽ വച്ചാണ് ഉച്ചയ്ക്ക് 12ഓടെ ദൗത്യം പൂർത്തിയാക്കിയത്. പിടികൂടിയ കാട്ടുപോത്തിനെ ആറളം വന്യജീവി സങ്കേതത്തിലേക്ക് മാറ്റാനാണ് വനംവകുപ്പിന്റെ നീക്കം.

വ്യാഴാഴ്ച രാത്രി മുതലാണ് കിളിയങ്ങാട്ട് കാട്ടുപോത്തിനെ ആദ്യമായി കണ്ടത്. കിളിയങ്ങാട് മേറ്റടി റോഡിലൂടെ നീങ്ങിയ കാട്ടുപോത്ത് പിന്നീട് വെള്ളിയാംപറമ്പിലെ കിൻഫ്ര പാർക്കിനായി ഏറ്റെടുത്ത സ്ഥലത്ത് നിലയുറപ്പിക്കുകയായിരുന്നു.

കാട്ടുപോത്ത് ജനവാസ മേഖലയിൽ ചുറ്റിത്തിരിഞ്ഞ സാഹചര്യത്തിൽ കീഴല്ലൂർ പഞ്ചായത്തിലെ ആറ്, ഏഴ് വാർഡുകളിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിരുന്നു. കാട്ടുപോത്തിനെ തുരത്താൻ സമീപത്ത് വനമില്ലാത്തതിനാൽ വനംവകുപ്പിന് സാധിക്കാതെ വന്നു. ഇതേത്തുടർന്നാണ് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടെ മയക്കുവെടി വച്ച് പിടികൂടാൻ തീരുമാനിച്ചത്. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നോടെ മയക്കുവെടി വയ്ക്കാൻ ഉത്തരവ് വന്നു. വെള്ളിയാഴ്ച വൈകിട്ട് തന്നെ മയക്കുവെടി വയ്ക്കാനുള്ള ഒരുക്കങ്ങൾ നടത്തിയിരുന്നെങ്കിലും രാത്രിയായതോടെ സാധിച്ചില്ല. ക്രെയിൻ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഒരുക്കിയെങ്കിലും നേരം ഇരുട്ടിയതിനാൽ ദൗത്യം ഇന്നലെ നിർത്തിവയ്ക്കുകയായിരുന്നു.

തുടർന്ന് വെറ്ററിനറി ഡോക്ടർ ഇല്യാസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഇന്ന് ഉച്ചയ്ക്ക് 12 ഓടെ കാട്ടുപോത്തിനെ മയക്കുവെടി വച്ച് പിടികൂടിയത്. വനംവകുപ്പ് ഉദ്യോഗസ്ഥരും വെറ്ററിനറി സർജനും സ്ഥലത്ത് സന്നിഹിതരായിരുന്നു.

# ചത്തീസ്ഗഡിൽ തലയ്ക്ക് 13ലക്ഷം രൂപ ഇനാം പ്രഖ്യാപിച്ച മാവോയിസ്റ്റ് ദമ്പതികൾ അറസ്റ്റിൽ

റായ്പുർ: ചത്തീസ്ഗഡിലെ റായ്പുരിൽ തലയ്ക്ക് 13ലക്ഷം രൂപ ഇനാം പ്രഖ്യാപിച്ച മാവോയിസ്റ്റ് ദമ്പതികൾ അറസ്റ്റിൽ. സാധാരണക്കാരെ പോലെ വാടക് വീട്ടിൽ താമസിച്ച് നിർമാണ മേഖലയിൽ ജോലി ചെയ്തുവരികയായിരുന്നു ഇരുവരും. ചങ്കോറഭട്ടയിൽ നിന്നുമാണ് ഇവരെ പിടികൂടിയത്. ജഗ്ഗു കുർസം എന്ന രവി എന്ന രമേശ് (28), ഭാര്യ കമല കുർസം (27) എന്നിവരെയാണ് പോലീസ് പിടികൂടിയത്. റായ്പൂർ, ഭിലായ്, ദുർഗ് എന്നിവിടങ്ങളിൽ ഇവർ താമസിച്ചതായി പോലീസ് അറിയിച്ചു. ജഗ്ഗുവിന്റെ തലയ്ക്ക് എട്ട് ലക്ഷം രൂപയും കമലയ്ക്ക് അഞ്ച് ലക്ഷം രൂപയും ഇനാം പ്രഖ്യാപിച്ചിരുന്നതായി പോലീസ് സ്ഥിരീകരിച്ചു. ഇവർ വാടകയ്ക്ക് താമസിച്ചിരുന്ന വീട്ടിൽ നിന്ന് 10 ഗ്രാം സ്വർണ ബിസ്ക്കറ്റ്, 1.14 ലക്ഷം രൂപ, രണ്ട് ആൻഡ്രോയിഡ് സ്മാർട്ട് ഫോണുകൾ, മറ്റ് കുറ്റകരമായ വസ്തുക്കൾ എന്നിവ പോലീസ് പിടിച്ചെടുത്തു.

ഇവരുടെ കോൾ റിക്കാർഡുകൾ ഫോറൻസിക് വിദഗ്ധർ പരിശോധിച്ചുവരികയാണ്. മുതിർന്ന മാവോയിസ്റ്റ് കമാൻഡർമാർക്കായി മരുന്നുകൾ, സാധനങ്ങൾ തുടങ്ങിയവ ഇരുവരും ക്രമീകരിച്ചിരുന്നതായി അന്വേഷണ ഉദ്യോഗസ്ഥർ സൂചിപ്പിച്ചു. പതിനൊന്നാമത്തെ വയസിലാണ് ജഗ്ഗു മാവോയിസ്റ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഏകദേശം രണ്ട് പതിറ്റാണ്ടോളം അദ്ദേഹം ബീജാപ്പൂരിലെ കാടുകളിൽ സുരക്ഷാ സേനയുമായി ഏറ്റുമുട്ടി. പിന്നീട് ഡിവിഷണൽ കമ്മിറ്റി അംഗമായി (ഡിവിസി) ഉയർന്നു. 2014 ലാണ് ഭാര്യ കമല മാവോയിസ്റ്റ് പ്രസ്ഥാനത്തിൽ ചേർന്നത്. പിന്നീട് ഏരിയ കമ്മിറ്റി അംഗമായി (എസിഎം). മാവോയിസ്റ്റ് പ്രവർത്തനങ്ങൾക്കിടെ പ്രണയത്തിലായ ഇരുവരും പിന്നീട് വിവാഹിതരാവുകയായിരുന്നു.

# ഡോ. മാലതി ദാമോദരന്റെ നിര്യാണത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അനുശോചനം

ഇം.എം.എസ് ന്റെ മകളും പ്രമുഖ ജനകീയാരോഗ്യ പ്രവർത്തകയുമായ ഡോ. മാലതി ദാമോദരന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

മഹാനായ ഇ.എം.എസിന്റെ ലാളിത്യവും സാമൂഹ്യ പ്രതിബദ്ധതയും ആദർശനിഷ്ഠയുമെല്ലാം ജീവിതത്തിൽ പകർത്തിയ മകളായിരുന്നു ഡോ. മാലതിയെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അനുശോചന സന്ദേശത്തിൽ പറഞ്ഞു.